**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **26-07-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു സമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | എ) പൊതു സമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മൃദു നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ തൊഴിലിനു പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും, മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ടി സെന്ററുകൾ മുഖേന ജോബ്ഫെയർ/ പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയർ എന്നിവയും സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതോടൊപ്പം ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അഞ്ച് സ്വയം തൊഴിൽ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ, തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന്റെ മഹത്വത്തെപ്പറ്റിയും വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളെപ്പറ്റിയും ബോധവാന്മാരാക്കുന്നതിന് പതിനാലു ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിക്കുന്ന സ്വയംതൊഴിൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ ശിൽപശാല സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസിലാക്കിക്കൊടുക്കുന്നതിനായി കർമ്മചാരി | (ബി) | (ബി), (സി), & (ഡി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി |

| | | | |
|---|---|---|---|
| | പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | കൊടുക്കുന്നതിനും പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി തൊഴിൽ വകുപ്പ് 'കർമ്മചാരി പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 9, 11 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന വർഷത്തിലെ 25 ശനിയാഴ്ചകളിൽ 2 മണിക്കൂർ വീതം ( ആകെ 50 മണിക്കൂർ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നീ തൊഴിൽ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നൽകുകയും അവർക്ക് വേതനം ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലൂടെ തൊഴിലെടുത്ത് സമ്പാദിക്കുന്നു എന്ന ആശയം വിദ്യാർത്ഥികളിൽ ഉണ്ടാകുന്നു. കൂടാതെ, വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കി വരുന്നുമുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസിലാക്കുന്ന രീതിയിൽ പഠനത്തോടൊപ്പം തന്നെ സാധ്യതാ തൊഴിൽ മേഖലകളുമായി പരിചയം ഉണ്ടാകാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ; | (സി) | (ബി), (സി), & (ഡി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി കൊടുക്കുന്നതിനും പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി തൊഴിൽ വകുപ്പ് 'കർമ്മചാരി പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 9, 11 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന വർഷത്തിലെ 25 ശനിയാഴ്ചകളിൽ 2 മണിക്കൂർ വീതം ( ആകെ 50 മണിക്കൂർ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നീ തൊഴിൽ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നൽകുകയും അവർക്ക് വേതനം ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലൂടെ തൊഴിലെടുത്ത് സമ്പാദിക്കുന്നു എന്ന ആശയം വിദ്യാർത്ഥികളിൽ ഉണ്ടാകുന്നു. കൂടാതെ, വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കി വരുന്നുമുണ്ട്. |
| (ഡി) | ഭാവിയിലെ തൊഴിൽ സാഹചര്യങ്ങൾ മുന്നിൽ കണ്ട് വിദ്യാർഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | (ബി), (സി), & (ഡി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി കൊടുക്കുന്നതിനും പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി തൊഴിൽ വകുപ്പ് 'കർമ്മചാരി പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 9, 11 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന |

| | | | |
|---|---|---|---|
| | | | വർഷത്തിലെ 25 ശനിയാഴ്ചകളിൽ 2 മണിക്കൂർ വീതം ( ആകെ 50 മണിക്കൂർ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നീ തൊഴിൽ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നൽകുകയും അവർക്ക് വേതനം ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലൂടെ തൊഴിലെടുത്ത് സമ്പാദിക്കുന്നു എന്ന ആശയം വിദ്യാർത്ഥികളിൽ ഉണ്ടാകുന്നു. കൂടാതെ, വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ